പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2750. 14.12.2015 ന് മറുപടിയ്ക്ക്.

**മൊറയൂർ ഐ .ടി .ഐ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.പി.ഉബൈദുള്ള : | ശ്രീ. ഷിബു ബേബിജോൺ<br>(തൊഴിലും നൈപുണ്യവും വകുപ്പ് മന്ത്രി) |
| (എ) മലപ്പുറം മണ്ഡലത്തിലെ മൊറയൂരിൽ പുതിയ ഐ.ടി.ഐ സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പ് നടപടികൾ ഇപ്പോൾ ഏതു ഘട്ടത്തിലാണ്; അരീക്കോട് ഗവ .ഐ ടി .ഐ പ്രിൻസിപ്പൽ ഇത് സംബന്ധിച്ച് സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നല്കാമോ; | (**(എ) യും (ബി) യും** മൊറയൂരിൽ ഐ.ടി.ഐ.യ്ക്ക് താല്ക്കാലിക സൗകര്യം അനുവദിക്കുന്നതിന് വേണ്ടി സ്ഥലം കണ്ടെത്തി നൽകുവാനും സ്ഥലം വാങ്ങുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പിന്നീട് പരിഗണിക്കുവാനും തീരുമാനിച്ച് മൊറയൂർ ഗ്രാമപഞ്ചായത്ത് പ്രമേയം ലഭ്യമാക്കിയിട്ടുണ്ട്. എന്നാൽ സ്ഥലം ലഭ്യമാക്കാമെന്ന് ഉറപ്പ് ഒന്നും തന്നെ പഞ്ചായത്ത് നൽകിയിട്ടില്ല. പഞ്ചായത്തുമായി ബന്ധപ്പെട്ട് എത്രയും വേഗം സ്ഥലം ലഭ്യമാക്കാൻ അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാളിന് നിർദ്ദേശം നൽകിയിട്ടുണ്ട്. അരീക്കോട് ഐ.ടി.ഐ. പ്രിൻസിപ്പാൾ ലഭ്യമാക്കിയ ഇടക്കാല റിപ്പോർട്ട് സർക്കാരിന് ട്രെയിനിംഗ് ഡയറക്ടർ ലഭ്യമാക്കിയിരുന്നു. എന്നാൽ അന്തിമ റിപ്പോർട്ട് ഇതുവരെയും സർക്കാരിന് ലഭ്യമാക്കിയിട്ടില്ല. |
| (ബി) പ്രസ്തുത വിഷയം സംബന്ധിച്ച് എന്തെല്ലാം നടപടികൾ ഇതുവരെ സ്വീകരിച്ചിട്ടുണ്ടെന്നും സ്ഥിരം കെട്ടിട സംവിധാനം വൈകുന്ന പക്ഷം താല്ക്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തി എന്നത്തേക്ക് ഐ.ടി.ഐ ആരംഭിക്കുവാൻ സാധിക്കുമെന്നും വ്യക്തമാക്കാമോ ? | (ബി) താല്ക്കാലിക കെട്ടിട സൗകര്യങ്ങൾ ഏർപ്പെടുത്തുന്ന കാര്യം പരിശോധിച്ചുവരുന്നതായി ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. ഐ.ടി.ഐ. സ്ഥാപിക്കുന്നതിന് പര്യാപ്തവും അനുയോജ്യവുമായ സ്ഥലം ലഭ്യമാക്കാമെന്നുള്ള പഞ്ചായത്തിന്റെ പ്രമേയവും, രേഖാമൂലമുള്ള ഉറപ്പും ലഭ്യമാകുന്ന മുറയ്ക്ക് ഐ.ടി.ഐ. സ്ഥാപിക്കുന്നതിനായി ശിപാർശ സമർപ്പിക്കുന്നതാണെന്ന് ട്രെയിനിംഗ് ഡയറക്ടർ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ